ഉത്തരം

പ്രസ്തുത പാലങ്ങൾ പുതുക്കിപ്പണിയുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

വാരാപ്പുഴ പാലത്തിന്റെ നിർമ്മാണം

459. [651] ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ. എച്ച്. 17-ലുള്ള വാരാപ്പുഴ പാലത്തിന്റെ നിർമ്മാണം എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ ;

(ബി) ഭരണാനുമതി നൽകുവാൻ സാങ്കേതിക തടസങ്ങൾ എന്തെങ്കിലും ഉണ്ടായിട്ടുണ്ടോ ?

ഉത്തരം

(എ) 1986-87 സാമ്പത്തിക വർഷത്തിൽ ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷ.

(ബി) ഇല്ല. പാലത്തിന്റെ ആസ്തെറ്റിക് ഡിസൈനിന് കേന്ദ്ര സർക്കാരിന്റെ അനുമതി കിട്ടി എസ്റ്റിമേറ്റ് ഉണ്ടാക്കിയശേഷമേ പാലം പണിക്ക് വേണ്ട ക്രമീകരണങ്ങൾ നടത്തുവാൻ കഴിയുകയുള്ളൂ.

മുളിയങ്ങൽ-കൈതക്കൊല്ലി റോഡിന്റെ പണി

460. [652] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് ജില്ലയിലെ മുളിയങ്ങൽ-കൈതക്കൊല്ലി റോഡിന്റെ പണി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അടുത്ത സാമ്പത്തിക വർഷം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

നടുവണ്ണൂർ-അരിക്കുളം റോഡ്

461. [653] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ-അരിക്കുളം റോഡ് ടെണ്ടർ ചെയ്ത് കൊല്ലങ്ങൾ കഴിഞ്ഞിട്ടും പണി പൂർത്തിയായിട്ടില്ലെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത റോഡിന്റെ പണി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും ?

ഉത്തരം

(എ) ഉണ്ട്

(ബി) സാമ്പത്തിക ലഭ്യതയ്ക്ക് വിധേയമായി അടുത്ത സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly